**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **02-02-2026 - ൽ മറുപടിയ്ക്ക്**

**കണ്ടെയ്നർ മുങ്ങിയതിനെ തുടർന്ന് മത്സ്യ തൊഴിലാളികൾക്ക് ക്ഷാമാശ്വാസ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ തൊഴിലിൽ ഏർപ്പെടുമ്പോൾ കണ്ടെയ്നർ മുങ്ങിയതിനെ തുടർന്ന് വള്ളത്തിനും വലയ്ക്കും നാശനഷ്ടം സംഭവിക്കുകയും തുടർന്ന് രണ്ടുമൂന്ന് വള്ളക്കാർ (കാരുണ്യ, സംസം മുതലായവ) നിരന്തരം പരാതി സമർപ്പിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ക്ഷാമാശ്വാസ സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ? | (എ) | ഉണ്ട്. കൈപ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ തൊഴിലിൽ ഏർപ്പെടുമ്പോൾ കണ്ടെയ്നർ മുങ്ങിയതിനെ തുടർന്ന് വള്ളത്തിനും വലയ്ക്കും ഉണ്ടായ നാശനഷ്ടത്തിന്റെ റിപ്പോർട്ട് തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് ടി വ്യക്തികൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ